**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **.3177** — 07-11-2019 -ൽ മറുപടിക്ക്

**ദുരിതാശ്വാസ ധനസഹായം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അൻവർ സാദത്ത്** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ഈ വർഷം സംസ്ഥാനത്തുണ്ടായ മഴക്കെടുതിയിലും, ഉരുൾപൊട്ടലിലും എത്ര വീടുകൾ പൂർണ്ണമായും ഭാഗികമായും നശിച്ചു; | എ) & ബി) | 2019-ലെ പ്രളയക്കെടുതിയിൽ ഭാഗികമായും പൂർണ്ണമായും തകർന്ന വീടുകളുടെ പരിശോധനയ്ക്ക് വില്ലേജ് ഓഫീസർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ, ഐ.ടി. വിദഗ്ധൻ എന്നിവരടങ്ങുന്ന ടീമുകളെ ഉപയോഗിച്ച് മൊബൈൽ ആപ്പ് വഴി വീടുകളുടെ നഷ്ടം തിട്ടപ്പെടുത്തി വരുന്നു. ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ കഞ്ഞിപ്പുരകളിൽ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ ഉൾപ്പെടെ 04.11.2019 വരെ ആകെ 1,30,159 കുടുംബങ്ങൾക്ക് അടിയന്തിര ധനസഹായമായ 10,000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. |
| ബി) | ഇതിനകം എത്ര കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായം നൽകി;വീടുകൾ നഷ്ടപ്പെട്ടവർക്ക് ഇതിനകം എന്ത് തുക അനുവദിച്ചു; വിശദമാക്കാമോ; | | |
| സി) | ക്യാമ്പുകളിൽ എത്താതെ ബന്ധുവീടുകളിലും മറ്റും മാറിതാമസിച്ച കുടുംബങ്ങൾ എത്രയെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവർക്ക് എന്തൊക്കെ സഹായമാണ് ഇതിനകം നൽകിയത്; വിശദമാക്കാമോ? | സി) | ദുരന്ത നിവാരണ (എ) വകുപ്പിന്റെ 22.08.2019 തീയതിയിലെ സ.ഉ.(എം.എസ്)നം.23/2019/ ദു.നി.വ നമ്പർ ഉത്തരവ് പ്രകാരം പ്രളയ സമയത്ത് ക്യാമ്പുകളിൽ പോകാതെ ബന്ധുവീടുകളിൽ താമസിച്ചവർക്കും അടിയന്തിര ധനസഹായമായ 10,000/- രൂപ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള കുടുംബങ്ങളുടെ കണക്ക് ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ